# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3418　　22.08.2017-ൽ മറുപടിക്ക്**

**കള്ളനോട്ട് കൈമാറ്റം ചെയ്യുന്നതുമായി ബന്ധപ്പെട്ട കേസ്സുകൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | ശ്രീ. പിണറായി വിജയൻ<br>( മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് ഈ വർഷം കള്ളനോട്ട് അച്ചടിക്കൽ, സൂക്ഷിക്കൽ, കൈമാറ്റം ചെയ്യൽ തുടങ്ങിയ കുറ്റകൃത്യങ്ങളിലായി എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തുവെന്ന് അറിയിക്കാമോ; | (എ) സംസ്ഥാനത്ത് ഈ വർഷം കള്ളനോട്ട് അച്ചടിക്കലുമായി ബന്ധപ്പെട്ട് 3 കേസുകളും കള്ളനോട്ട് സൂക്ഷിക്കലുമായി ബന്ധപ്പെട്ട് 2 കേസുകളും കള്ളനോട്ട് കൈമാറ്റവുമായി ബന്ധപ്പെട്ട് 11 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) ഇവയിൽ ഏതെങ്കിലും രാഷ്ട്രീയപാർട്ടി നേതാക്കളോ ഭാരവാഹികളോ പ്രവർത്തകരോ പ്രതിപട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടോ;<br><br>(സി) എങ്കിൽ അവയുടെ വിശദാംശങ്ങൾ നൽകാമോ; | (ബി) യും (സി) യും<br>ഇതുമായി ബന്ധപ്പെട്ട് ഒരു കേസ്സ് മതിലകം പോലീസ് സ്റ്റേഷനിൽ ക്രൈം നം.962/2017 ആയി രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br>ടി കേസ്സിലെ 1-ാം പ്രതിയായ രാകേഷ്, ബി.ജെ.പി., എസ്.എൻ. പുരം പഞ്ചായത്ത് 6-ാം വാർഡ് പ്രസിഡന്റായി സ്ഥാനം വഹിച്ചിരുന്ന ആളും 2-ാം പ്രതിയായ രാജീവ് ബി.ജെ.പി. യുടെ OBC മോർച്ച കയ്പമംഗലം നിയോജക മണ്ഡലത്തിൽ ജനറൽ സെക്രട്ടറിയായി സ്ഥാനം വഹിച്ചിരുന്ന ആളുമാണ്. ഇരുവരും മേൽ കേസ്സിൽ ബഹു. JFCM കൊടുങ്ങല്ലൂർ കോടതിയുടെ ജുഡീഷ്യൽ കസ്റ്റഡിയിൽ ഇരിങ്ങാലക്കുട സബ് ജയിലിൽ റിമാന്റിൽ കഴിഞ്ഞു വരികയാണ്. പ്രസ്തുത കേസ്സ് ഇപ്പോൾ സംസ്ഥാന ക്രൈംബ്രാഞ്ച് അന്വേഷിച്ച് വരുന്നു. |
| (ഡി) തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂരിൽ കള്ളനോട്ട് അച്ചടിച്ചതുമായി ബന്ധപ്പെട്ട കേസിൽ പ്രതികളുടെ മേൽ ചുമത്തിയ വകുപ്പുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഡി) ഈ കേസ്സുമായി ബന്ധപ്പെട്ട് പ്രതികളുടെ മേൽ u/s 489 A, B, C 212 r/w 34 IPC & 17 of Kerala Money Lenders Act, 1958 എന്നീ വകുപ്പുകൾ ചുമത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**